# നാം മുന്നോട്ട്

പിറവം സെൻ്റ്മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സംബന്ധിച്ച് സുപ്രീം കോടതിയിൽ നിന്ന് സുവ്യക്തമായ അന്തിമ വിധി വന്ന പശ്ചാത്തലത്തിൽ കോടതി വിധി നടപ്പാക്കുന്നതിന് സഭയുടെ ഭരണഘടന അനുസരിച്ച് കണ്ടനാട് ഈസ്റ്റ് ഭദ്രാസനമെത്രാപ്പോലീത്ത ഡോ.തോമസ് മാർ അത്താനാസിയോസ് തിരുമേനി നിയമിച്ച വൈദീകർക്ക് പള്ളിയിൽ പ്രവേശിച്ച് ആരാധനയും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതിനാണ് ഓർത്തഡോക്സ് സഭ റിട്ട് ഹർജിയുമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചത്. ഈ കേസ് കോടതിയുടെ പല ബഞ്ചുക്കളുടെയും പരിഗണ നക്ക് വന്നെങ്കിലും യാക്കോബായ വിഭാഗം ബോധപൂർവ്വം കേസുകൾ മാറ്റുന്നതിനു വേണ്ടി വിവിധ നിലയിൽ പ്രവർത്തിക്കുകയായിരുന്നു. അവസാനമായി ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ബഞ്ചിന്റെ പരിഗണനയ്ക്ക് ഈ കേസ് വരികയും ഓർത്തഡോക്സ് സഭ യുടെ വാദങ്ങൾ കോടതിയിൽ അറിയിക്കുകയും ചെയ്തു. വാദത്തിനിടയിൽ കോടതിയുടെ സംശ യങ്ങൾക്ക് നമ്മുടെ വക്കീൽ വ്യക്തമായ ഉത്തരം നൽകുകയുണ്ടായി. കോടതിയുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിന് ചില അനുബന്ധ രേഖകൾ കോടതി മുമ്പാകെ സമർപ്പിക്കേണ്ടത് അനിവാര്യ മായിരുന്നു. പള്ളി വികാരി ഫാ. സ്കറിയ വട്ടക്കാട്ടിൽ - ന്റെ സത്യവാങ്മൂലത്തോടെ സമർപ്പിച്ച പ്രമാണങ്ങൾ കോടതി സാങ്കേതിക കാരണങ്ങൾ പറഞ്ഞ് സ്വീകരിക്കുവാൻ തയ്യാറായില്ല. ഈയൊരു പശ്ചാത്തലത്തിൽ ഈ ഹർജി പിൻവലിച്ച് അനുബന്ധ രേഖകൾ സഹിതം മറ്റൊന്ന് ഫയൽ ചെയ്തു കൂടെ എന്ന് കോടതി വാക്കാൽ ചോദിച്ചു. ഇതു പരിഗണിച്ച് നിയമവിദഗ്ദരു മായും സഭാനേതൃത്വമായും നമ്മുടെ വക്കീൽ ചർച്ച ചെയ്ത ശേഷം ഈ ഹർജി പിൻവലിക്കാൻ തീരുമാനിക്കുകയായിരുന്നു. അടുത്ത സമയങ്ങളിൽ സുപ്രീംകോടതിയിൽ നിന്നുണ്ടായ സുപ്ര ധാന വിധികളും മറ്റു രേഖകളും സഹിതം പുതിയൊരു ഹർജി കൊടുക്കുന്നത് നമ്മുടെ പോരാട്ട ങ്ങൾക്ക് കരുത്തു പകരുക മാത്രമേയുള്ളൂ. ഓർത്തഡോക്സ് സഭ ഈ കേസിൽ പരാജയപ്പെട്ടതു കൊണ്ടാണ് ഈ ഹർജി പിൻവലിച്ചത് എന്ന് യാക്കോബായക്കാർ പറഞ്ഞു നടക്കുന്നുണ്ട്. ജനങ്ങ ളുടെയിടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കാനുള്ള ശ്രമം മാത്രമാണിത്. പള്ളി സംബന്ധിച്ച് സുപ്രീം കോടതി വിധി നിലനിൽക്കുന്ന സാഹചര്യത്തിൽ പിറവം പള്ളിയിലെ യാക്കോബായ വിഭാ ഗത്തിൻെറ് പ്രവർത്തനങ്ങൾ നിയമ വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയും, അതിനോടു തന്നെ യുള്ള തികഞ്ഞ അവഹേളനങ്ങളുമാണ് എന്ന് പറയേണ്ടിയിരിക്കുന്നു. കോടതി നിർദ്ദേശിച്ചതിനനു സരിച്ച് ഓർത്തഡോക്സ് സഭ ഉടൻതന്നെ പുതിയ ഹർജി ബഹു.ഹൈക്കോടതി മുൻപാകെ കൊടുക്കുന്നതിനായി നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ പ്രയാണം മുന്നോട്ടു തന്നെയാ ണ്. നമുക്ക് പ്രാർത്ഥനാപൂർവ്വം മുന്നേറാം.

മുവാറ്റുപുഴ

21.02.2019

ഫാ. എബ്രാഹാം കാരാമേൽ
സെക്രട്ടറി, കണ്ടനാട് ഈസ്റ്റ് ഭദ്രാസനം